**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1099** **18-09-2025 - ൽ മറുപടിയ്ക്ക്**

**ഡാമുകളിൽ ഡി-സിൽറ്റേഷൻ നടത്തുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. പ്രമോദ് നാരായൺ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലവിഭവ വകുപ്പിന്റെ ചുമതലയിലുള്ള ഡാമുകളിൽ ഡി-സിൽറ്റേഷൻ നടത്തുന്നതിനുള്ള നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കുമോ; | (എ) | മീങ്കര, ചുള്ളിയാർ, വാളയാർ എന്നീ ഡാമുകളിൽ നിന്നും യഥാക്രമം 0.603 $Mm^3$, 0.735 $Mm^3$, 0.410 $Mm^3$ ചെളിയും മണലും നീക്കം ചെയ്തു. മംഗലം ഡാമിൽ 2.79 $Mm^3$ ചെളി ഡീസിൽറ്റേഷൻ ചെയ്യുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഒരു കേസ് നിലവിലുണ്ട്. മലമ്പുഴ, കാഞ്ഞിരപ്പുഴ ഡാമുകളിൽ ഡീസിൽറ്റേഷൻ നടത്താനുള്ള ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>മലങ്കര ഡാം ഡീസിൽറ്റേഷൻ പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഡീസിൽറ്റേഷൻ ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.<br><br>അരുവിക്കര ഡാമിന്റെ ഡിസിൽറ്റേഷൻ പദ്ധതി കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.ഐ.ഐ.ഡി.സി.) മുഖേന നടപ്പിലാക്കി വരുന്നുണ്ട്. നിലവിൽ 9755.95 ക്യുബിക് മീറ്റർ ആണ് ഡീസിൽറ്റ് ചെയ്തിട്ടുള്ളത്.<br><br>മലമ്പുഴ, കാഞ്ഞിരപ്പുഴ അണക്കെട്ടുകളിലെ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിന് പ്രാരംഭ പഠന പദ്ധതിക്ക് 1,63,15,000/- രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഡാമുകളുടെ സംഭരണ ശേഷിയിൽ കുറവ് വന്നിട്ടുള്ളതായി ശാസ്ത്രീയ പഠന റിപ്പോർട്ടുകളിലൂടെ അറിയിച്ചിട്ടുണ്ടോ; പഠന റിപ്പോർട്ടുകളുടെ വിശദാംശം നൽകാമോ; | (ബി) | ഡാമുകളുടെ സംഭരണശേഷി സംബന്ധിച്ച് കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത പഠനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | ഡി-സിൽറ്റേഷൻ നടപടികളുടെ പദ്ധതിരേഖ തയ്യാറാക്കുന്നത് ഏത് ഏജൻസിയുടെ | (സി) | ജലസേചന വകുപ്പ്, കെംഡെൽ, കെ.ഐ.ഐ.ഡി.സി എന്നിവർ പദ്ധതിരേഖ |

| | | | |
|---|---|---|---|
| | സഹായത്തോടെയാണ്; വ്യക്തമാക്കാമോ? | | തയ്യാറാക്കുന്നുണ്ട്. അംഗീകൃത കരാർ ഏജൻസി മുഖേന ജിയോ ടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ പഠനം നടത്തിയതിന് ശേഷമാണ് കെ.ഐ.ഐ.ഡി.സി (KIIDC) പദ്ധതിരേഖ തയ്യാറാക്കുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| നമ്പർ | റിസർവ്വോയന്റെ പേരും പഠനം നടത്തിയ വർഷവും | പഠനം നടത്തിയ പ്പോൾ റിസർവ്വോയറിന്റെ ജലനിരപ്പ് $(m)$ | റിസർവ്വോയറി ൽ അടിഞ്ഞു കൂടിയ മണ്ണിന്റെയും ചെളിയുടെയും അളവ്$(Mm^3)$ | സംഭരണശേഷിയിൽ ഉണ്ടയ കറവ് (%) |
|---|---|---|---|---|
| 1 | മലമ്പുഴ (2019) | 113.00 | 48.37 | 27.46 |
| 2 | മംഗലം (2015) | 77.88 | 5.61 | 21.99 |
| 3 | കാരാപ്പുഴ (2021) | 758.65 | 5.57 | 12.56 |
| 4 | പോത്തുണ്ടി | 106.99 | 3.78 | 8.04 |
| 5 | ചുള്ളിയാർ (2017) | 147.37 | 1.14 | 24.84 |
| 6 | കല്ലട(2018) | 112.85 | 28.76 | 6.59 |
| 7 | വാളയാർ (2018) | 200.66 | 2.11 | 16.55 |
| 8 | ചിമ്മിനി (2018) | 75.76 | 1.13 | 0.77 |
| 9 | പീച്ചി (2018) | 78.60 | 12.91 | 12.53 |
| 10 | കുറ്റ്യാടി (2019) | 39.5 | 28.3 | 36.65 |
| 11 | നെയ്യാർ (2019) | 83.5 | 12.14 | 12.76 |
| 12 | കാഞ്ഞിരപ്പുഴ | 97.10 | 16.98 | 24.76 |
| 13 | പൂമല (2010) | 92.96 | 0.01 | 1.90 |
| 14 | ശിരുവാണി(2011) | 877.5 | 1.641 | 6.78 |
| 15 | മീൻകര (2020) | 155.59 | 1.62 | 17.78 |
| 16 | മലങ്കര (2021) | 41.84 | 17.8 | 48.95 |

സെക്ഷൻ ഓഫീസർ